## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7424 — 17.7.2012-ൽ മറുപടിക്ക്

### ജെ.എൻ.എൻ.യു.ആർ.എം പ്രവർത്തനങ്ങളുടെ മന്ദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>" പി.ബി. അബ്ദുൾ റസാക്<br>" കെ.എം. ഷാജി<br>" സി. മമ്മൂട്ടി | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണമിഷന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | എ) | പരിശോധിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ കണ്ടെത്തിയ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | ബി) | • സ്ഥലം പൊന്നുംവിലയക്ക് എടുത്തുകിട്ടുന്നതിലുള്ള താമസം<br>• റോഡ് കുഴിക്കുന്നതിന് അനുവാദം കിട്ടുന്നതിലുള്ള താമസം.<br>• പൈപ്പ് ലൈൻ കടന്നു പോകുന്ന വഴിയ്ക്കുള്ള പഞ്ചായത്തുകൾ റോഡ് കുഴിയ്ക്കുന്നതിന് തടസ്സം നിൽക്കുന്നത് എന്നിവയാണ് പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. |
| സി) | 2006-2007 മുതൽ 2010-11 വരെയുള്ള കാലഘട്ടത്തിൽ ഈ പദ്ധതി നടത്തിപ്പിൽ മുൻ സർക്കാർ വിജയിച്ചിരുന്നുവോ; ഇല്ലെങ്കിൽ പരാജയത്തിനിടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | സി) | ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2005-2012 വരെ ആയതിനാൽ മുൻ സർക്കാർ വിജയിച്ചുവെന്നോ പരാജയപ്പെട്ടോ എന്ന് പറയാൻ കഴിയില്ല.<br>14 പദ്ധതികൾ നടപ്പിലാക്കുന്നതിൽ, പദ്ധതികളുടെ അംഗീകാരം പല കാലങ്ങളിൽ ആയിട്ടാണ് കിട്ടിയിട്ടുള്ളത്,<br>പദ്ധതി നടപ്പിലാക്കുനനതിനുള്ള സംവിധാനം ഒരുക്കുന്നതിലുള്ള താമസം,<br>സ്ഥലം പൊന്നുംവിലയക്ക് എടുക്കുന്നതിലുള്ള താമസം, റോഡ് കുഴക്കുന്നതിന് അനുവാദം കിട്ടുന്നതിലുള്ള താമസം,<br>എന്നീ കാരണങ്ങളാൽ പദ്ധതി പ്രവർത്തനം ഉദ്ദേശിച്ച വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| ഡി) | അതിന്റെ വെളിച്ചത്തിൽ പദ്ധതി പ്രവർത്തനം ഊർജ്ജസ്വലമാക്കാനും പരമാവധി വികസനം സാദ്ധ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ഡി) | ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ